എസ്.ജി.എസ്.വൈ. ഫണ്ടിന്റെ 15% സ്പെഷ്യൽ പ്രോജക്ടുകൾക്കായി നീക്കി വെയ്ക്കുന്നുണ്ട്. ചില പ്രോജക്ട് പ്രൊപ്പോസലുകൾ ഡി.ആർ.ഡി.എ.-കൾ മുഖേന ലഭിച്ചിരുന്നുവെങ്കിലും ഇവ എസ്.ജി.എസ്.വൈ. സ്പെഷ്യൽ പ്രോജക്ടുകൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമല്ലാതിരുന്നതിനാൽ ഗ്രാമവികസനവകുപ്പ് കഴിഞ്ഞ വർഷം സ്പെഷ്യൽ പ്രോജക്ടുകളൊന്നും കേന്ദ്രസർക്കാരിന് സമർപ്പിച്ചിരുന്നില്ല. എന്നാൽ സ്വശക്തി യോജന (Swasakthi Yojana) എന്ന പേരിൽ വികലാംഗരേയും മാനസിക വൈകല്യമുള്ളവരേയും ലക്ഷ്യമിട്ടുകൊണ്ടുള്ള ഒരു പ്രോജക്ട് കോഴിക്കോട് ജില്ലാകളക്ടർ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു.

(ബി ആന്റ് സി) മേൽ പരാമർശിച്ച സ്വശക്തി യോജന എന്ന പ്രോജക്ട് സംസ്ഥാന സർക്കാർ സംസ്ഥാന വിഹിതം നൽകണമെന്ന ഉറപ്പിന് വിധേയമായും ഗുണഭോക്താക്കളുടെ ലിസ്റ്റ് ലഭ്യമാക്കണമെന്ന നിബന്ധനയ്ക്ക് വിധേയമായും കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിരുന്നു. എന്നാൽ ഈ പ്രോജക്ട് ഗ്രാമവികസന വകുപ്പ് മുഖേന നടപ്പിലാക്കുന്നത് പ്രായോഗികമല്ലാത്തതിനാൽ കേന്ദ്ര സർക്കാർ ആവശ്യപ്പെട്ട ഉറപ്പ് നൽകിയിട്ടില്ല.

(ഡി) ഇല്ല.

(ഇ) എസ്.ജി.എസ്.വൈ. സ്പെഷ്യൽ പ്രോജക്ടുകൾ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി തയ്യാറാക്കി സമർപ്പിക്കുന്നതിനും ഇതിനകം തയ്യാറാക്കിയ പ്രോജക്ടുകളിലെ പോരായ്മകൾ പരിഹരിച്ച് സമർപ്പിക്കുന്നതിനും ഡി.ആർ.ഡി.എ. പ്രോജക്ട് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കേന്ദ്രസർക്കാരിന്റെ എസ്.ജി.ആർ.വൈ. പദ്ധതിപ്രകാരം പാലക്കാട് ജില്ലയിലെ പ്രവൃത്തികൾ

205 [2698] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ കഴിഞ്ഞ സാമ്പത്തിക വർഷം എസ്.ജി.ആർ.വൈ. പദ്ധതിയിൽ ചില പ്രവൃത്തികൾക്ക് അനുമതി നൽകിയത് കേന്ദ്ര സർക്കാരിന്റെ മാനദണ്ഡങ്ങൾ മറികടന്നുകൊണ്ടാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എസ്.ജി.ആർ.വൈ. പദ്ധതിയിൽ പാലക്കാട് ജില്ലയിൽ കഴിഞ്ഞ വർഷം അനുമതി നൽകിയ പ്രവൃത്തികൾ ഏതെല്ലാമാണെന്നും ഓരോന്നിനും എന്ത് തുക നീക്കി വെച്ചിട്ടുണ്ടെന്നും ഉള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രവൃത്തികളിൽ നടന്ന ക്രമക്കേടുകളെക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്തണമെന്ന ജില്ലാ വികസന സമിതിയുടെ അഭ്യർത്ഥന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഇക്കാര്യത്തിൽ ഗൗരവതരമായ അന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് പാലക്കാട് ജില്ലാ വികസന സമിതിയിൽ പ്രമേയം അവതരിപ്പിച്ചതായി ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

(ഡി) ഇക്കാര്യം സർക്കാരിന്റെ പരിശോധനയിലാണ്.

നബാർഡ് അനുവദിച്ച എസ്.ജി.ആർ.വൈ. പദ്ധതികൾ

206 [2699] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി നാദാപുരം നിയോജകമണ്ഡലത്തിലെ കുന്നുമ്മൽ, തൂണേരി ബ്ലോക്കുകളിൽ നബാർഡ് എസ്.ജി.ആർ.വൈ. പദ്ധതി കളിൽപ്പെടുത്തി എത്ര റോഡുകളും പാലങ്ങളും അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ ഏതെല്ലാമാണെന്നും അവയ്ക്ക് ഓരോന്നിനും അനുവദിച്ചിട്ടുള്ള തുക എത്രയാണെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ ആന്റ് ബി) വിവരം ശേഖരിച്ചുവരുന്നു.

എസ്. ജി. ആർ. വൈ. പദ്ധതി നടപ്പിലാക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ

207 [2700] ശ്രീ. എ.കെ.ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.ജി.ആർ.വൈ. പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(ബി) പാലക്കാട് ജില്ലയിൽ എസ്. ജി. ആർ. വൈ.-യുടെ നിലവിലുള്ള മാനദണ്ഡങ്ങൾ മറികടന്ന് ചില പ്രവൃത്തികൾക്ക് അനുമതി നൽകിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എസ്. ജി. ആർ. വൈ. പദ്ധതി നടത്തിപ്പിനെക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്തണമെന്ന് പാലക്കാട് ജില്ലാ വികസന സമിതിയോഗം സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly